പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3067      13.03.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി .സി. ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന സ്വാഭാവിക നീതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. കെ. സി. മമ്മത് കോയ | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി .സി. ഹെഡ് ഓഫീസിലെ VLE2/012707/16 നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.റ്റി.സി.യിൽ VLE2/012707 / 16 പ്രകാരം ഫയൽ നിലവിലില്ല. എന്നാൽ സമാനമായി VLE2/012707/2006 പ്രകാരം, 29-3-2003 മുതൽ തുടർച്ചയായി 14 വർഷം ജോലിയിൽ നിന്നും വിട്ടുനിന്ന ജീവനക്കാരെ സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതാണ്. |
| (ബി) | ഈ ഫയൽ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിലും അസാധാരണമായ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ചട്ടം 15 പ്രകാരം സ്വീകരിച്ച നടപടിയുടെ ഭാഗമായി വന്നിട്ടുള്ള കാലതാമസം മാത്രമെ ഈ ഫയലിൽ ഉണ്ടായിട്ടുള്ളൂ. |
| (സി) | ഇത്തരത്തിൽ കാലതാമസം നേരിട്ടതുമൂലം ജീവനക്കാർക്ക് ലഭിക്കേണ്ടിയിരുന്ന സ്വാഭാവിക നീതി നഷ്ടപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് മാത്രമെ അന്തിമ ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ആകയാൽ സ്വാഭാവിക നീതി നഷ്ടപ്പെടുത്തിയിട്ടില്ല. |
| (ഡി) | ഈ ഫയൽ ഏത് വർഷത്തിലാണ് ആരംഭിക്കേണ്ടിയിരുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | പെരിന്തൽമണ്ണ യൂണിറ്റ് ഓഫീസറുടെ 06-5-2006-ലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 16-5-2006-ൽ വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ